**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **04-07-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികളായി എത്തിച്ചേരുന്നവരിൽ ചിലർ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്തിച്ചേരുന്ന അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും അവർക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്ന് മനസ്സിലാക്കുന്നതിനും എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തൊഴിൽ സ്ഥാപന ഉടമകൾക്കും മറ്റും നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരം തൊഴിലുടമകൾ, അവരുടെ കീഴിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ (തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, ഇതര സംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നു മുതൽ ജോലി ചെയ്തു വരുന്നു തുടങ്ങിയ കാര്യങ്ങൾ) അതാത് പോലീസ് സ്റ്റേഷനുകളിൽ നൽകി വരുന്നതും ടി വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ടി ഇതര സംസ്ഥാന തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് പരിശോധന നടത്തി വരികയും ചെയ്തുവരുന്നു. വിവരങ്ങൾ ഗസ്റ്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ ഇതര സംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ച് വരുന്നുണ്ട്. Crime and Criminal Tracking Network & Systems (CCTNS) ആപ്ലിക്കേഷന്റെ ഭാഗമായ inter-operable Criminal Justice System (ICJS) സംവിധാനം ഉപയോഗിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ നിരീക്ഷിച്ചു വരുന്നു. ഇതിനുപുറമേ ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ശേഖരിക്കുകയും ക്രിമിനൽ സ്വഭാവം ഉള്ളവരെ പ്രത്യേകം നിരീക്ഷിച്ചു വരികയും ചെയ്യുന്നു. |
| (സി) | അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേരുന്ന അവസരത്തിൽ തന്നെ അവരുടെ വിവരശേഖരണം നടത്തുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; | (സി) | അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് എത്തിച്ചേരുമ്പോൾ തന്നെ ഇവരെ സംബന്ധിക്കുന്ന വിശദവിവരം ഇവർക്ക് തന്നെ ഓൺലൈനായി സമർപ്പിക്കുന്നതിന് കൂടിയുള്ള ക്രമീകരണത്തോടെ അതിഥി പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്. ടി പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | രജിസ്ട്രേഷൻ സമയത്ത് അതിഥി തൊഴിലാളികൾ നൽകുന്ന വിവരങ്ങളുടെയും രേഖകളുടെയും ആധികാരികത പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; മേൽപ്പറഞ്ഞ മൊബൈൽ ആപ്ലിക്കേഷൻ മുഖേന രജിസ്ട്രേഷൻ നടത്തുമ്പോൾ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (ഡി) | അതിഥി പോർട്ടൽ വഴി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. ആധാർ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിന് UIDAI(Unique Identification Authority of India)-ടെ authentication ലഭിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ